**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1547** | **10.02.2020 ൽ മറുപടിയ്ക്ക്**

# ജൈവ ക്യാരി ബാഗുകൾ

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ച സാഹചര്യത്തിൽ ഇവയ്ക്ക് ബദലായി പഞ്ചായത്തുകളുടെ നേതൃത്വത്തിൽ തുണിസഞ്ചികളും മറ്റ് ജൈവ സഞ്ചികളും നിർമ്മിക്കാൻ പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് ബദലായി തുണിസഞ്ചികളും മറ്റ് ജൈവ സഞ്ചികളും നിർമ്മിക്കാൻ പഞ്ചായത്തുകളിൽ നിലവിൽ പദ്ധതികൾ ഇല്ല. എന്നാൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് ബദലായി തുണിസഞ്ചികളും മറ്റ് പ്രകൃതിസൗഹൃദ ഉല്പന്നങ്ങളും നിർമ്മിക്കുന്ന 1319 കുടുംബശ്രീ സംരംഭങ്ങൾ സംസ്ഥാനത്തിൽ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് അതത് കുടുംബശ്രീ ജില്ലാമിഷനുകൾ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പെടെയുള്ള വനിതകളെ ഉൾപ്പെടുത്തി പഞ്ചായത്ത് തോറും ഇത്തരത്തിലുള്ള ജൈവ ക്യാരി ബാഗുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലവിലെ ജൈവക്യാരിബാഗ് യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനു പുറമേ, ഇത്തരം യൂണിറ്റുകൾ നിലവിൽ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി പ്രകൃതിസൗഹൃദ ക്യാരിബാഗുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനവും കുടുംബശ്രീ മിഷനും സംയുക്തമായി നടപടി സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | ഇത്തരം ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ചെറുകിട യൂണിറ്റുകളിലൂടെ പ്രകൃതിസൗഹൃദ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് കുടുംബശ്രീ സിഡിഎസ് വഴി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**